# കോട്ടക്കൽ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവുനടപടികൾ
# (ഹാജർ എ.സി കുര്യാക്കോസ്)

കോട്ടക്കൽ നഗരസഭ– എഞ്ചിനീയറിംഗ് ടൗൺ പ്ലാനിംഗ് വിഭാഗം– കെട്ടിട നിർമ്മാണ അനുമതി– വൺഡേ പെർമിറ്റ് സിസ്റ്റം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**G1-12981/11** **നഗരസഭാകാര്യാലയം, കോട്ടക്കൽ, തിയതി : 14/11/2011.**

---

**പരാമർശം:** (1) 8.5.2000 ലെ GO (MS) No: 133/2000 തസ്വഭവ നമ്പർ ഉത്തരവ്.
(2) 1.2.2005 ലെ 44140/ഇ2/2005 തസ്വഭവ നമ്പർ സർക്കുലർ.
(3) ബഹു:ചെയർപേഴ്സന്റെ 1.11.2011 ലെ നിർദ്ദേശം.

## ഉത്തരവ്

സ്വന്തം താമസത്തിനുള്ള വാസഗൃഹം നിർമ്മിക്കുന്നതിനു ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷയിൽ കാലതാമസം ഒഴിവാക്കുന്നതിനു പരാമർശം (1) പ്രകാരം "വൺഡേ പെർമിറ്റ് സിസ്റ്റം" ഏർപ്പെടുത്തി, സ്ഥല പരിശോധന കൂടാതെ തൽസമയ പെർമിറ്റ് നൽകുന്നതിനു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശം (2) സർക്കുലറിൽ പരാമർശം (1) ലെ നടപടിക്രമം ഭേദഗതി ചെയ്തു വൺഡേ പെർമിറ്റ് നൽകിയ ശേഷം 30 ദിവസത്തിനകം സ്ഥലം പരിശോധിച്ച് നിർമ്മാണം, ടൗൺ പ്ലാനിംഗ് സ്കീമുകൾക്കും, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും അനുസൃതമാണെന്നു ഉറപ്പു വരുത്തേണ്ടതാണ് എന്നു നിർദ്ദേശിച്ചിട്ടുള്ളതാണ്. കോട്ടക്കൽ നഗരസഭയിൽ വാസഗൃഹ നിർമ്മാണത്തിനു ലഭിക്കുന്ന അപേക്ഷയിൽ കാലതാമസം വരുന്നതു ഒഴിവാക്കുന്നതിനു വൺഡേ പെർമിറ്റ് സിസ്റ്റം ഏർപ്പെടുത്തുന്നതിനു പരാമർശം (3) പ്രകാരം ബഹു:ചെയർപേഴ്സൺ ആവശ്യപ്പെട്ടിരിക്കുന്നു. മേൽ പരാമർശങ്ങളുടെ വെളിച്ചത്തിൽ കോട്ടക്കൽ നഗരസഭയിൽ സ്വന്തം താമസത്തിനുള്ള വാസഗൃഹം നിർമ്മിക്കുന്നതിനു 'വൺഡേ പെർമിറ്റ്' സൗകര്യം താഴെ പറയുന്ന നടപടികളോടെ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1) വൺഡേ പെർമിറ്റിനുള്ള അപേക്ഷകൾ സ്വന്തം താമസത്തിനു മാത്രം നിർമ്മിക്കുന്ന വാസഗൃഹത്തിനു മാത്രമേ സമർപ്പിക്കുവാനും പരിഗണിക്കുന്നതിനും പാടുള്ളൂ.
2) 100 രൂപ വിലയുള്ള മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സമ്മതപത്രവും, ചെക്ക് ലിസ്റ്റും അപേക്ഷകനും ലൈസൻസിയും ചേർന്നു സമർപ്പിക്കേണ്ടതാണ്.
3) വൺഡേ പെർമിറ്റ് നൽകുമ്പോൾ സ്ഥല പരിശോധന ആവിശ്യമില്ല. എന്നാൽ പെർമിറ്റ് നൽകിയതിനു ശേഷം 30 ദിവസത്തിനകം ബന്ധപ്പെട്ട PWO അല്ലെങ്കിൽ മുനിസിപ്പൽ എൻജിനീയർ സ്ഥലം പരിശോധിച്ച് പ്രസ്തുത നിർമ്മാണം ടൗൺ പ്ലാനിംഗ് സ്കീമുകൾക്കും, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും അനുസൃതമാണന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4) ടൗൺ പ്ലാനിംഗ് സ്കീമിനും, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും അനുസൃതമല്ലെങ്കിൽ ഉടനടി മുനിസിപ്പൽ എഞ്ചിനീയർ ബിൽഡിംഗ് പെർമിറ്റ് റദ്ദ് ചെയ്യുകയും വിവരം ബന്ധപ്പെട്ട അപേക്ഷകനെ അറിയിക്കേണ്ടതും ലൈസൻസിയുടെ പെർമിറ്റ് റദ്ദാക്കുന്നതിനും അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനു നിയമാനുസൃതം നടപടി സ്വീകരിക്കേണ്ടതുമാണ്.
5) നിയമ ലംഘനമൊന്നും ഇല്ലാത്ത പക്ഷം മുനിസിപ്പൽ എൻജിനീയർ അക്കാര്യം പെർമിറ്റ് നൽകിയ ഫയലിൽ തന്നെ സാക്ഷ്യപ്പെടുത്തി വെക്കേണ്ടതാണ്.

6) വൺഡേ പെർമിറ്റിനുള്ള അപേക്ഷകൾ എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ദിവസങ്ങളിൽ സ്വീകരിക്കുകയും ആയതു പ്രത്യേക രജിസ്റ്ററിൽ ചേർത്തു സൂക്ഷിക്കുകയും പരിശോധനക്കായി എല്ലാ മാസവും 1–ാം തീയതി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചെവ്വയും വ്യാഴവും അവധി ദിവസങ്ങളാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അപേക്ഷ സ്വീകരിക്കേണ്ടതാണ്.
7) ഒരു മാസത്തിനു ശേഷം ഏതെങ്കിലും നിർമ്മാണത്തിനു ടൗൺപ്ലാനിംഗ് സ്കീമുകൾക്കും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും വിരുദ്ധമായിട്ടാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നു ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വീഴ്ചയുടെ ഉത്തരവാദി മുനിസിപ്പൽ എൻജിനീയർ/PWO എന്നിവർ മാത്രമായിരിക്കും.
8) വൺഡേ പെർമിറ്റിനുള്ള നടപടിക്രമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നപക്ഷം ആയതു നഗരസഭ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
9) വൺഡേ പെർമിറ്റിനെ സംബന്ധിച്ചുള്ള പൂർണ്ണ ഉത്തരവാദിത്വം അപേക്ഷകരിൽ നിക്ഷിപ്തമാണ്.
10) സമ്മതപത്രവും, ചെക്ക്ലിസ്റ്റും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സമർപ്പിക്കാവുന്നതാണ്.

ടി ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**

**സ്വീകർത്താവ്:**
മുനിസിപ്പൽ എൻജിനീയർ.

**പകർപ്പ്** (1) ബഹു.ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരുടെ മേശപ്പുറത്ത്.
(2) LSGD സെക്രട്ടറി തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
(3) നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
(4) നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, (ഉപരിപത്രം സഹിതം)
(5) എല്ലാ വകുപ്പു മേധാവികൾക്കും /PWO/G1/കരുതൽ/അധികം.

100 രൂപയുടെ മുദ്രപത്രത്തിൽ

# സമ്മതപത്രം
## (അണ്ടർടേക്കിംഗ്)

........................................ ാമാണ്ട് ........................................ മാസം ..............................ാം തിയ്യതി ........................................ ജില്ലയിൽ ........................................ താലൂക്കിൽ ........................................ വില്ലേജിൽ ........................................ വീട്ടിൽ താമസം .......................... വയസ്സുള്ള ........................................ യുടെ മകൻ / മകൾ ........................................ ഉം (ഇതിനുശേഷം അപേക്ഷകൻ എന്ന് അറിയപ്പെടും) ........................................ ജില്ലയിൽ ........................................ താലൂക്കിൽ ........................................ വില്ലേജിൽ ........................................ വീട്ടിൽ താമസം ........................................ നമ്പർ രജിസ്ട്രേഷനുള്ള ആർക്കിടെക്ടായ / എഞ്ചിനീയറായ / സൂപ്പർവൈസറായ .......................... വയസ്സുള്ള ........................................ മകൻ ........................................ ഉം (ഇതിനുശേഷം ലൈസൻസി എന്നറിയപ്പെടും) ചേർന്ന് പാലക്കാട് മുനിസിപ്പൽ സെക്രട്ടറിയുടെ പേർക്ക് എഴുതി കൊടുത്ത സമ്മതപത്രം.

പാലക്കാട് നഗരസഭയിലെ ........................................-ാം വാർഡിൽ ........................................ വില്ലേജിൽ സർവ്വെ/റീസർവ്വെ നമ്പർ ........................................ ഉൾപ്പെട്ട .......................... സെന്റ് സ്ഥലത്ത് .......................... ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ .......................... നിലകൾ ഉള്ള ഒരു വാസഗൃഹം അപേക്ഷകന്റെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും സ്വന്തം താമസത്തിനുവേണ്ടി നിർമ്മിക്കുന്നതിനാണ് ഇതിനോടൊപ്പമുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ "ഏകദിന പെർമിറ്റ് സ്കീം" പ്രകാരം ബിൽഡിംഗ് പെർമിറ്റ് മുനിസിപ്പൽ സെക്രട്ടറി അനുവദിക്കുന്ന പക്ഷം താഴെ പറയുന്ന വ്യവസ്ഥകൾ അപേക്ഷകനും ലൈസൻസിയും പൂർണ്ണമായി പാലിച്ചുകൊള്ളുന്നതാണ്, അതായത്.

1. അപേക്ഷയും പ്ലാനും 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റു ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾ പൂർണ്ണമായി

(Contd...2)

പാലിച്ചുകൊണ്ടും വസ്തുവിനെ സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ പൂർണ്ണമായി കാണിച്ചുകൊണ്ടും ശരിയായ വിധത്തിലുള്ള സ്ഥലപരിശോധന നടത്തിയശേഷവും ലൈസൻസി തയ്യാറാക്കിയിട്ടുള്ളതാണ്.

2. ഈ സമ്മത പത്രത്തിന്റെയും ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ള അപേക്ഷയുടെയും പ്ലാനിന്റെയും അടിസ്ഥാനത്തിൽ നൽകുന്ന ബിൽഡിംഗ് പെർമിറ്റിലെയും അംഗീകൃത പ്ലാനിലെയും നിബന്ധനകളും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും മറ്റു ബന്ധപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകളും പൂർണ്ണമായി പാലിച്ചുകൊണ്ടും ലൈസൻസിയുടെ മേൽനോട്ടത്തിലും ഈ കെട്ടിട നിർമ്മാണം നടത്തുന്നതാണ്.

3. അപേക്ഷകനും ലൈസൻസിയും, അയൽക്കാരന് യാതൊരു പ്രയാസവും വരുത്താതെയും അടുത്ത വസ്തുവിലെ കെട്ടിടത്തിന് യാതൊരു നഷ്ടവും ഉണ്ടാകാതെയും ഈ കെട്ടിട നിർമ്മാണം നടത്തുന്നതാണ്.

4. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം തുടങ്ങിയതോ നടത്തിവരുന്നതോ പൂർത്തിയാക്കിയതോ ആയ കെട്ടിടം പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റിനോ അംഗീകൃത പ്ലാനിനോ 1999-ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കോ മറ്റ് ബന്ധപ്പെട്ട ചട്ടങ്ങൾക്കോ റെഗുലേഷനുകൾക്കോ വിരുദ്ധമാണെന്ന് മുനിസിപ്പാലിറ്റി ബോദ്ധ്യപ്പെട്ട് അറിയിക്കുന്നപക്ഷം കെട്ടിടം പൂർണ്ണമായോ ഭാഗികമായോ ആവശ്യമായി വരുന്നിടത്തോളം, ഉടമസ്ഥനോ, ലൈസൻസിയോ രണ്ടുപേരും കൂടിയോ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും പൊളിച്ചുനീക്കുന്നതാണ്.

5. ഈ സമ്മതപത്രത്തിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുകയോ അല്ലെങ്കിൽ പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റും അംഗീകൃത പ്ലാനും നൽകപ്പെട്ടത് ശരിയായ വിവരങ്ങളുടെ

(തുടരുന്നു)

ഉടമസ്ഥാനത്തിൽ ഇല്ലെന്ന് മുനിസിപ്പാലിറ്റിക്ക് ബോദ്ധ്യം വരുകയോ ചെയ്താൽ ബിൽഡിംഗ് പെർമിറ്റും അംഗീകൃത പ്ലാനും റദ്ദാകാവുന്നതും ലൈസൻസിയുടെ രജിസ്ട്രേഷൻ റദ്ദാകുവാൻ നടപടി സ്വീകരിക്കാവുന്നതും അപേക്ഷകന്റെയോ ലൈസൻസിയുടെയോ രണ്ടുപേരുടെയുമോ ചെലവിൽ കെട്ടിടം പൊളിച്ചുനീക്കാവുന്നതുമാണ്.

6. ബിൽഡിംഗ് പെർമിറ്റിനോ അംഗീകൃത പ്ലാനിനോ വിരുദ്ധമായോ ചട്ടങ്ങളിലെ വ്യവസ്ഥ ലംഘിച്ചുകൊണ്ടോ തുടങ്ങിയതോ, നടത്തുന്നതോ പൂർത്തിയാക്കിയതോ ആയ നിർമ്മാണത്തിനെതിരെ മുനിസിപ്പാലിറ്റി ഏതെങ്കിലും നടപടി എടുക്കേണ്ടിവരികയോ കെട്ടിടം പൊളിച്ച് നീക്കേണ്ടി വരുകയോ ചെയ്താൽ അങ്ങനെ ഉണ്ടാകുന്ന എല്ലാ ചെലവുകൾക്കും നഷ്ടങ്ങൾക്കും ഉടമസ്ഥനും ലൈസൻസിയും കൂട്ടായും വെവ്വേറെയും ഉത്തരവാദി ആയിരിക്കുന്നതും അവർ മുനിസിപ്പാലിറ്റിക്ക് ഉണ്ടായിട്ടുള്ള നഷ്ടം തീർത്തു തരുന്നതും അല്ലാത്തപക്ഷം മുനിസിപ്പാലിറ്റി അവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതുമാണ്.

മേൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വായിച്ചു/വായിച്ചു കേട്ട് മനസ്സിലാക്കി പൂർണ്ണമായി അംഗീകരിച്ചതായി സമ്മതിച്ച് ഞങ്ങൾ പേര് എഴുതി ഒപ്പിട്ടിരിക്കുന്നു.

സെക്രട്ടറി

അപേക്ഷകൻ

ലൈസൻസി

സാക്ഷികൾ: (1)

(2)

ഏകദിന പെർമിറ്റ് സ്കീം പ്രകാരമുള്ള അപേക്ഷയോടൊപ്പം
സമർപ്പിക്കേണ്ട ചെക്ക് ലിസ്റ്റ്

---------------x---------------

| | |
|---|---|
| (1) പൂർണ്ണമായും ശരിയായും പൂരിപ്പിച്ചതും അപേക്ഷകനും ~~ലൈസൻസിയും~~ ഒപ്പു വച്ചതുമായ അപേക്ഷ. | ഉണ്ട്/ഇല്ല |
| (2) കെട്ടിടം വയ്ക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച. - | |
| (എ) പ്രമാണത്തിന്റെ അസ്സൽ | ഉണ്ട്/ഇല്ല |
| (ബി) പ്രമാണത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് | ഉണ്ട്/ഇല്ല |
| (സി) അസ്സൽ പ്രമാണം ഏതെങ്കിലും സ്ഥാപനത്തിൽ ഈടുവച്ചിരിക്കുകയാണെങ്കിൽ, അതു തെളിയിക്കുന്നതിന് സ്ഥാപനത്തിന്റെ മേധാവിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും മേധാവി സാക്ഷ്യപ്പെടുത്തിയ പ്രമാണത്തിന്റെ ശരിപ്പകർപ്പും | ഉണ്ട്/ഇല്ല |
| (3) (എ) കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ഏതെങ്കിലും മേഖലാ നിയന്ത്രണത്തിൽപ്പെടുന്നതാണോ | ഉണ്ട്/ഇല്ല |
| (ബി) സ്ഥലം മേഖലാ നിയന്ത്രണത്തിൽ വരുന്നതും റസിഡൻഷ്യൽ സോണിൽപ്പെടാത്തതുമാണെങ്കിൽ സർക്കാരിൽ നിന്നുള്ള ഒഴിവാക്കൽ ഉത്തരവ് ഹാജരാക്കിയിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (4) (എ) കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ഏതെങ്കിലും മാസ്റ്റർ പ്ലാനിലോ വിശദ നഗര വികസന പദ്ധതിയിലോ റോഡു വികസന പദ്ധതിയിലോ ഉൾപ്പെട്ടതാണോ | ഉണ്ട്/ഇല്ല |
| (ബി) സ്ഥലം ഏതെങ്കിലും മാസ്റ്റർ പ്ലാനിലോ വിശദ നഗര വികസന പദ്ധതിയിലോ റോഡു വികസന പദ്ധതിയിലോ ഉൾപ്പെട്ടതാണെങ്കിൽ സർക്കാരിൽ നിന്നുള്ള ഒഴിവാക്കൽ ഉത്തരവ് ഹാജരാക്കിയിട്ടുണ്ടോ | ഉണ്ട്/ഇല്ല |

.....2

| | |
|---|---|
| (5) പ്രധാന ജംഗ്ഷനിൽ നിന്നുള്ള ദൂരം കാണിക്കുന്ന അളവുകളോടുകൂടിയ സൈറ്റ് പ്ലാൻ / ലൊക്കേഷൻ പ്ലാൻ | ഉണ്ട്/ഇല്ല |
| (6) സൈറ്റും ലൊക്കേഷനും വടക്കു ദിക്ക് മുകളിലേക്ക് കാണിച്ച് (വെർട്ടിക്കൽ) പൊസിഷനിലാണോ | അതെ/അല്ല |
| (7) സമർപ്പിച്ചിട്ടുള്ള പ്ലാനും അളവുകളും ശരിയും സത്യവുമാണെന്ന് അപേക്ഷകനും ലൈസൻസിയും സത്യപ്രസ്താവന (ഡിക്ലറേഷൻ) എഴുതി ഒപ്പിട്ടിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (8) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വിധത്തിൽ തയ്യാറാക്കിയ കെട്ടിടത്തിന്റെ പ്ലാൻ, സെക്ഷൻ, എലിവേഷൻ, സൈറ്റ് പ്ലാൻ എന്നിവ ഹാജരാക്കിയിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (9) ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് | ഉണ്ട്/ഇല്ല |
| (10) ഹാജരാക്കിയിട്ടുള്ള എല്ലാ രേഖകളും ശരിയും സത്യവുമാണെന്ന് അപേക്ഷകനും ലൈസൻസിയും സത്യപ്രസ്താവന (ഡിക്ലറേഷൻ) എഴുതി ഒപ്പിട്ടിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (11) കെട്ടിടം വയ്ക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനോട് തൊട്ടു കിടക്കുന്നതും 12 മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്നതുമായ സ്ട്രീറ്റ്, കെട്ടിടങ്ങൾ, അവയുടെ ഉപയോഗം, തറ നിരപ്പിൽ നിന്നുള്ള ഉയർച്ചയും താഴ്ചയും എന്നിവ സൈറ്റ് പ്ലാനിൽ അതേ സ്കെയിലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (12) (എ) മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റും അംഗീകൃത പ്ലാനും ലഭിക്കുന്നതിന് മുമ്പ് പണി തുടങ്ങിയിട്ടുണ്ടോ | ഉണ്ട്/ഇല്ല |
| (ബി) പെർമിറ്റും അംഗീകൃത പ്ലാനും ലഭിക്കുന്നതിന് മുമ്പ് പണി തുടങ്ങിയതാണെങ്കിൽ ക്രമവൽക്കരണം ലഭിച്ചിട്ടുണ്ടോ | ഉണ്ട്/ഇല്ല |

(13) ചട്ടപ്രകാരം ജില്ലാ ടൗൺ പ്ലാനറുടെയോ ചീഫ് ടൗൺ പ്ലാനറുടെയോ സബ്ഡിവിഷൻ ലേ ഔട്ട് അംഗീകാരം വേണ്ടതാണെങ്കിൽ അതു വാങ്ങിയിട്ടുണ്ടോ — ഉണ്ട്/ഇല്ല

(14) അപേക്ഷ സമർപ്പിച്ച തീയതി

(15) അപേക്ഷകന്റെ പേരും ഒപ്പും
മേൽ വിലാസവും

(16) ലൈസൻസിയുടെ പേരും ഒപ്പും
രജിസ്ട്രേഷൻ നമ്പരും